# THE MALANKARA ORTHODOX SYRIAN CHURCH

CATHOLICATE OF THE EAST
OFFICE OF H. H. THE CATHOLICOS, CATHOLICATE PALACE
DEVALOKAM, KOTTAYAM - 686004
Ph: 0481 - 2578500, 2578499, 2309291

**Fr. Dr. Johns Abraham Konat**
Official Spokesperson of the Church
& Public Relations Officer

Konat, Pampakuda P.O,
Ernakulam, Kerala, 686667
E-mail: pro@mosc.in
Mob. No: 8075901640
9447173133


**30/03/2020**

## സർക്കാർ നിർദ്ദേശം മാനിച്ച് ദൈവാലയ ശുശ്രൂഷകൾ ക്രമീകരിക്കണം

*പരിശുദ്ധ കാതോലിക്കാ ബാവാ*

ലോകം മുഴുവൻ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന കൊറോണ വൈറസ് ബാധയിൽ നിന്ന് ലോകത്തെ രക്ഷിക്കണമെ എന്ന് കാരുണ്യവാനായ ദൈവത്തോടുള്ള നമ്മുടെ പ്രാർത്ഥന നിർവിഘ്നം തുടരുവാൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ആഹ്വാനം ചെയ്തു. കൊറോണ വൈറസിന്റെ വ്യാപനത്തെ പ്രതിരോധിക്കുന്നതിനുവേണ്ടി ഭാരതത്തിന്റെ ബഹു.പ്രധാനമന്ത്രി പ്രഖ്യാപിച്ചിരിക്കുന്ന ലോക്ഡൗണും, സംസ്ഥാന സർക്കാരും ജില്ലാ ഭരണകൂടങ്ങളും നിയമപാലകരും നൽകുന്ന നിർദ്ദേശങ്ങളും എല്ലാ സഭാമക്കളും നിഷ്ഠയോടെ പാലിക്കണം. മറ്റുരാജ്യങ്ങളിൽ വസിക്കുന്നവരും അതാതു പ്രദേശത്തെ ഭരണാധികാരികളുടെ ആഹ്വാനങ്ങൾ ഗൗരവമായി കണക്കാക്കണം. നാൽപതാം വെള്ളിയാഴ്ച മുതൽ ഉയിർപ്പു ഞായർ വരെയുള്ള കാലം സഭയെ സംബന്ധിച്ച് അതിപ്രധാനമായ കാലഘട്ടമാകയാൽ, മേൽ സൂചിപ്പിച്ച നിബന്ധനകൾ പാലിച്ചുകൊണ്ടുതന്നെ താഴെ പറയും വിധം പ്രസ്തുത കാലത്തെ ശുശ്രൂഷകൾ ക്രമീകരിക്കേണ്ടതാണ്.

1. വൈറസ് വ്യാപനത്തെ പ്രതിരോധിക്കുന്നതിന് നിലവിലുള്ള സർക്കാർ നിയന്ത്രണങ്ങൾക്ക് വിധേയമായി വിശ്വാസികളുടെ പങ്കാളിത്തമില്ലാതെ ശുശ്രൂഷകൾ നടത്തേണ്ടതാണ്.
2. അഭിവന്ദ്യ പിതാക്കന്മാർ മെത്രാസന കേന്ദ്രങ്ങളിലെ ചാപ്പലുകളിലും അല്ലെങ്കിൽ അവർ ഇപ്പോൾ ആയിരിക്കുന്ന സ്ഥലത്തെ ദേവാലയങ്ങളിലും ബഹു. വൈദികർ ഇടവകപള്ളികളിലും അവശ്യം വേണ്ട ശുശ്രൂഷകരുടെ മാത്രം (ആകെ 4 പേരിൽ കൂടരുത്) പങ്കാളിത്തത്തോടെ ശുശ്രൂഷകൾ നിർവ്വഹിക്കേണ്ടതാണ്.
3. പ്രധാന കാർമ്മികരും ശുശ്രൂഷകരും ഇക്കാലയളവിൽ പള്ളിമുറിയിൽത്തന്നെ താമസിക്കുവാൻ പരമാവധി ശ്രദ്ധിക്കേണ്ടതാണ്.
4. അഭിവന്ദ്യ പിതാക്കന്മാർ പെസഹാ വ്യാഴാഴ്ചയിലെ കാൽകഴുകൽ ശുശ്രൂഷ ഒഴിവാക്കണം.
5. ഉചിതമായ സമയക്രമം പാലിച്ചുകൊണ്ട് ശുശ്രൂഷകൾ നടത്തേണ്ടതാണ്. പ്രദക്ഷിണങ്ങൾ ദൈവാലയത്തിനുള്ളിൽ കാർമ്മികനും ശുശ്രൂഷകരും ചേർന്ന് നടത്തിയാൽ മതിയാകും.
6. ഈ ദിവസങ്ങൾ പൂർണ്ണ സമയം പ്രാർത്ഥനാ നിമിഷങ്ങളായി മാറ്റുന്നതിന് കുടുംബങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇടവകകളിലെ ശുശ്രൂഷകൾ വിശ്വാസികൾക്ക് വേണ്ടി ലൈവ് ആയി സംപ്രേഷണം ചെയ്യുന്നത് ഉചിതമായിരിക്കും. അല്ലാത്തപക്ഷം പരുമല പള്ളിപോലെയുള്ള പ്രധാന കേന്ദ്രങ്ങളിൽ നിന്നുള്ള തത്സമയ സംപ്രേഷണത്തിൽ ഇടവകജനങ്ങൾ സജീവമായി പങ്കുചേരണം. ഭവനങ്ങളിൽ നിന്നുകൊണ്ട് ആരാധനയിൽ പങ്കാളികളാകുന്നവർ ആരാധനാക്രമങ്ങൾ ഉപയോഗിച്ചുകൊണ്ട് പ്രാർത്ഥനകളിലും ആരാധനാഗീതങ്ങളിലും പങ്കെടുക്കണം. ഓൺലൈൻ സൗകര്യങ്ങൾ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ യാമപ്രാർത്ഥനകളും മറ്റും കുടുംബത്തിലുള്ള എല്ലാവരും ചേർന്ന് നടത്തുകയും, വേദവായനകൾക്ക് കൂടുതൽ സമയം വിനിയോഗിക്കുകയും ചെയ്യണം.

ഉയർപ്പ് പെരുനാൾ വരെയുള്ള ശുശ്രൂഷകൾ സംബന്ധിച്ച് പൊതുവായ നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നുവെങ്കിലും അതത് രാജ്യങ്ങളിലും സംസ്ഥാനങ്ങളിലും യാത്ര, മതപരമായ ചടങ്ങുകളുടെ നടത്തിപ്പ് എന്നിവയെക്കുറിച്ച് അധികാരികൾ നൽകുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുവാനും മേൽ പരാമർശിച്ചിരിക്കുന്ന പൊതു നിർദ്ദേശങ്ങളോടു ചേർന്ന് അതത് ഭദ്രാസന മെത്രാപ്പോലീത്താമാർ നൽകുന്ന മാർഗനിർദ്ദേശങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുവാനും ഏവരും ശ്രദ്ധിക്കണമെന്നും പരിശുദ്ധ കാതോലിക്കാ ബാവാ കൂട്ടിച്ചേർത്തു.

**ഫാ.ഡോ. ജോൺസ് എബ്രഹാം കോനാട്ട്**